VIRTUE & EXCELLENCE
DON BOSCO ARTS & SCIENCE COLLEGE
ANGADIKADAVU

# അങ്ങാടിപത്രം

നമ്മുടെ നാടിന്റെ വാർത്താജാലകം

Volume:2, Issue: 04

ഫെബ്രുവരി 22 ചൊവ്വ 2022

ഡോൺ ബോസ്കോ ആർട്സ് & സയൻസ് കോളേജ് ജേർണലിസം വിഭാഗം ദ്വൈവാര പ്രസിദ്ധീകരണം

## താങ്ങുവിലയില്ലാതെ കശുവണ്ടി കർഷകർ

**ആഷ്മി തോമസ്**

മലയോര കർഷകർക്ക് പ്രതീക്ഷയായി കശുമാവുകൾ പൂത്തു തുടങ്ങിയെങ്കിലും താങ്ങുവില ഇല്ലാത്തത് കർഷകർക്ക് തിരിച്ചടിയാകുന്നു. കാലാവസ്ഥ വ്യതിയാനംകാരണം ഡിസംബർ ജനുവരി മാസങ്ങളിൽ പൂക്കുകയും കായ്ക്കുകയും ചെയ്യേണ്ട കശുമാവുകൾ ഇക്കുറി ഫെബ്രുവരി ആദ്യവാരമായപ്പോഴാണ് പൂവിടാൻ തുടങ്ങിയത്. മുൻവർഷത്തെ അപേക്ഷിച്ച് കർഷകർക്ക് ആശ്വാസമായി കശുവണ്ടി വിലയിൽ നേരിയ വർധനവ് ഉണ്ടായിട്ടുണ്ട്. എങ്കിലും സീസൺ ആകുമ്പോഴേക്കും വില കുത്തനെ കുറയുന്ന പതിവ് രീതിയും അസ്ഥിരമായ കാലാവസ്ഥയും കർഷകരെ ആശങ്കയിൽ ആഴ്ത്തുന്നു.

കശുവണ്ടി സംഭരണത്തിന്റെ ആദ്യവാരം കിലോയ്ക്ക് 113 രൂപ ഉണ്ടായിരുന്നത് 110 രൂപ ആയി കുറഞ്ഞിട്ടുണ്ട്. വില ഇനിയും കുറയുമെന്ന് മലഞ്ചരക്ക് വ്യാപാരികൾ പറയുന്നു. എന്നാൽ ഫെയർ ട്രേഡ് അലയൻസ് കേരളയിലെ അംഗങ്ങൾക്ക് മാർക്കറ്റ് വിലയെക്കാൾ അധികവില ലഭിക്കുന്നുണ്ട്.

'സർക്കാർ ന്യായമായ താങ്ങുവില നിശ്ചയിക്കാത്തതിനാൽ ഏജൻസികൾ പറയുന്നതാണ് വില. അവർ രാവിലെ 2 രൂപ കുറയ്ക്കണം എന്നു പറഞ്ഞാൽ 2 രൂപ കുറയും. താങ്ങുവില നിശ്ചയിക്കാതെ ഇതിനൊരു മാറ്റം ഉണ്ടാവുകയില്ല'. മലഞ്ചരക്ക് വ്യാപാരി ജിമ്മി കുരുവിള പറഞ്ഞു.

കൊവിഡ് മഹാമാരിയും ലോക്ഡൗണും കഴിഞ്ഞ രണ്ടു വർഷം വിപണിയെ ദുരിതത്തിലാഴ്ത്തിയപ്പോൾ കശുവണ്ടി വില്ക്കാൻ പോലുമാകാതെ കർഷകർ കഷ്ടപ്പെട്ടിരുന്നു. എന്നാൽ കശുവണ്ടി വിൽക്കാനായപ്പോൾ സർക്കാർ താങ്ങുവില നിശ്ചയിക്കാത്തതു കൊണ്ട് ന്യായവില ലഭിക്കുന്നുമില്ല. ബഡ് മാവുകളൊക്കെ ആദ്യം തന്നെ പൂത്ത് നല്ല വിളവ് ലഭിച്ചെങ്കിലും പൂവ് കരിച്ചിലും തേയില കൊതുകിന്റെ ശല്യവും കർഷകരുടെ ദുരിതത്തിന് ആക്കം കൂട്ടി.



ഫലം കായ്ച്ചപ്പോൾ...

'കശുമാവ് കൃഷി വിസ്തൃതിയിൽ ഒന്നാം സ്ഥാനത്തായിരുന്നു കേരളം. റബ്ബറിന്റെ കടന്നു കയറ്റം മൂലം കശുമാവ് മേഖലയിലെ പല പ്രദേശങ്ങളും റബ്ബർ കൃഷിക്കായി മാറുകയായിരുന്നു. റബ്ബർ വിലത്തകർച്ചയും ടാപ്പിംഗിനായി ആളുകളെ കിട്ടാത്തതും മൂലം കർഷകരിൽ പലരും വീണ്ടും കശുവണ്ടി കൃഷിയിലേക്കു തന്നെ തിരിച്ചെത്തിയിരിക്കുകയാണ്. വില നിശ്ചയം കുത്തകളുടെ കയ്യിലായതാണ് കിലോയ്ക്ക് 150 രൂപ എങ്കിലും ലഭിക്കുമായിരുന്നത് 110 രൂപയിലേക്ക് എത്തിച്ചത്. ആദ്യകാലങ്ങളിൽ കശുവണ്ടിക്ക് 150- 200 രൂപ വിലയുണ്ടായിരുന്നു. ഇപ്പോഴത്തെ സ്ഥിതിക്ക് 150 രൂപ എങ്കിലും കിട്ടിയാലെ കർഷകർക്ക് ഉപകാരമുള്ളൂ'. കശുവണ്ടി കർഷകനായ വി. എ മാത്യു പറഞ്ഞു.

**ഫെയർ ട്രേഡ് അലയൻസ് കേരള (FTAK)**

ന്യായവിപണി കണ്ടെത്തുക എന്ന ലക്ഷ്യത്തോടെ പ്രവർത്തിക്കുന്ന കേരളത്തിലെ ചെറുകിട കർഷകരുടെ സംഘടനയാണ് ഫെയർ ട്രേഡ് അലയൻസ് കേരള (FTAK). ജൈവ കൃഷിയിൽ താല്പര്യമുള്ള കർഷകർക്കാണ് ഇതിൽ അംഗത്വം ലഭിക്കുന്നത്. കൃഷിയിടങ്ങൾ മൂന്നു വർഷം നിരീക്ഷിച്ചു യോഗ്യരായവർക്ക് അംഗത്വം നല്കുകയും. ഉത്പന്നങ്ങൾ ന്യായവിലക്ക് വിപണിയിൽ വില്ക്കുകയും ചെയ്യുന്നു. കശുവണ്ടി, നാളികേരം, ഇഞ്ചി, കൊക്കൊ തുടങ്ങിയ ഉല്പന്നങ്ങളാണ് ഫെയർ ട്രേഡിൽ വില്ക്കുന്നത്. കശുവണ്ടിക്ക് മാർക്കറ്റ് വിലയെക്കാൾ 6 രൂപയും നാളികേരത്തിനു 3 രൂപയുമാണ് അധികം ലഭിക്കുന്നത്. അയ്യൻകുന്ന് പഞ്ചായത്തിലെ 400 ഓളം കർഷകർ ഇപ്പോൾ ഈ സംഘടനയിൽ അംഗങ്ങളാണ്.

## ജനവാസമേഖലകളിൽ ഭീതി പരത്തി വന്യമൃഗങ്ങൾ

**അനുഗ്രഹ ആൻ ജോർജ്**

അയ്യൻകുന്ന് പഞ്ചായത്തിലെ രണ്ടാം കടവ്, വാളത്തോട്, ഉരുപ്പുംകുറ്റി ഭാഗങ്ങളിൽ ഭീതിവിതച്ച് വന്യമൃഗങ്ങളുടെ സ്ഥിരസാന്നിധ്യം. കഴിഞ്ഞ രണ്ടു മാസങ്ങളിൽ നിരവധി തവണ ഈ ഭാഗങ്ങളിൽ കടുവ, പുലി, ചെന്നായ എന്നിവയെ നാട്ടുകാർ കണ്ടിരുന്നു. വന്യമൃഗഭീഷണിയാൽ റബ്ബർ ടാപ്പിംഗ് നടത്താനും കശുമാവിൻ തോട്ടങ്ങളിൽ വിളവെടുക്കാനും, വളർത്തുമൃഗങ്ങളെ മേയാൻ വിടാനും, രാത്രികാലങ്ങളിൽ പുറത്തിറങ്ങാനും കഴിയാത്ത അവസ്ഥയിലാണ് പ്രദേശവാസികൾ.

'കഴിഞ്ഞ 11 ാം തീയതിയാണ് കടുവയെ കണ്ടത്. രാത്രി എട്ടേകാലോടെ രണ്ടാം കടവിൽ നിന്ന് കളിതട്ടുംപാറയ്ക്ക് പോകുന്ന വഴിയിൽ 6-7 മീറ്റർ അകലത്തിൽ റോഡിൽ നിൽക്കുന്നത് കണ്ടു. ഭയന്ന് വണ്ടി തിരിച്ച് പോയി. പിന്നാലെ വന്ന പോലീസുകാരനും മറ്റൊരു നാട്ടുകാരനുമൊപ്പം തിരിച്ച് ചെന്നപ്പോൾ കടുവയുടെ കാൽപ്പാട് മാത്രമേ ബാക്കിയുണ്ടായിരുന്നുള്ളൂ. ഉടനെ ഫോറസ്റ്റ്കാരെ വിളിച്ചു'. പ്രദേശവാസി അനിൽ സെബാസ്റ്റ്യൻ പറഞ്ഞു. തുടർന്ന് കാൽപ്പാടുകൾ നിരീക്ഷിച്ച സെക്ഷൻ ഫോറസ്റ്റർ, ബീറ്റ് ഫോറസ്റ്റ് ഓഫീസർ, ഫോറസ്റ്റ് വാച്ചർ എന്നിവർ കടുവയുടെ സാന്നിധ്യം സ്ഥിരീകരിച്ചു.

അവസാനമായി ഫെബ്രുവരി 20 ഞായറാഴ്ചയാണ് പ്രദേശവാസിയായ കുറ്റിയിൽ അനൂപ് കടുവയെ കണ്ടത്

'കാടുകയറിക്കിടന്ന പ്രദേശങ്ങളിൽ മേഞ്ഞുകൊണ്ടിരുന്ന ആടുകളുടെ മണം പിടിച്ചാകാം കടുവ ഈ പ്രദേശത്തേക്ക് വന്നത്'. ഫോറസ്റ്റ് വാച്ചർ ബെന്നി ജോസഫ് അഭിപ്രായപ്പെട്ടു.

രണ്ടാംകടവ് കളിതട്ടുംപാറ പൂട്ടികിടക്കുന്ന ക്വാറി ഭാഗത്ത് ദിവസങ്ങളായി കടുവ സാന്നിധ്യം റിപ്പോർട്ട് ചെയ്തിരുന്നു. രാത്രികാലങ്ങളിൽ ടൂ വീലറിൽ യാത്ര ചെയ്യുന്നവരും അതിരാവിലെ റബ്ബർ ടാപ്പിങ്ങിനുപോകുന്നവരും സ്ഥിരമായി കടുവയുടെ ശബ്ദം കേൾക്കുകയും പലപ്രാവശ്യം നേരിട്ട് കാണുകയും ചെയ്തിട്ടുണ്ട്. പ്രദേശവാസികൾ വന്യമൃഗപ്പേടിമൂലവും മെച്ചപ്പെട്ട ജീവിതസൗകര്യങ്ങൾക്കുമായും മലയിറങ്ങി റോഡരികിലേക്ക് താമസം മാറുന്നത് ആൾതാമസം കുറയുന്ന പ്രദേശങ്ങളിലേക്ക് വന്യമൃഗങ്ങൾ ഇരതേടി വരുന്നതിനു കാരണമാകുന്നു.

'പാറക്കെട്ടുകളിലും കാടുപിടിച്ചു കിടക്കുന്ന ഭാഗങ്ങളിലും കുറച്ച് ദിവസങ്ങളായി കടുവയെ കാണുന്നുണ്ടെന്ന് നാട്ടുകാർ പറയുന്നു. ഇതുവരെ ജനവാസമുള്ള സ്ഥലങ്ങളിൽ പ്രശ്നങ്ങൾ ഉണ്ടാക്കിയിട്ടില്ലെങ്കിലും ആക്രമണത്തിനുള്ള സാധ്യത തള്ളിക്കളയാനാവില്ല. സമീപത്ത് ആടുകളുള്ള വീട്ടുകാർ അതിനെ മേയാൻ ഇറക്കിവിടുന്നത് കാട്ടുപ്രദേശങ്ങളിലേക്കാണ്. ഇവയെ കടുവ കൊണ്ടുപോയാൽ പിന്നെ രുചിപിടിച്ച് ആ പ്രദേശത്തുനിന്നും പോകില്ല'. ഉളിക്കൽ സ്റ്റേഷനിലെ സീനിയർ സിവിൽ പോലീസ് ഓഫീസർ ബിനേഷ് പി മാത്യു പറഞ്ഞു.

ഒരു മാസം മുൻപ് അതിരാവിലെ റബ്ബർ വെട്ടാൻ പോയപ്പോൾ പുലിക്കുഞ്ഞിനെ കണ്ടു. പടക്കം പൊട്ടിച്ച് പേടിപ്പിച്ചപ്പോഴാണ് അത് പോയത്. പിന്നെ രാവിലെ റബ്ബർ വെട്ടാൻ പോകുമ്പോൾ പടക്കം പോട്ടിച്ചുകൊണ്ടാണ് പോകുന്നത്. രണ്ടാഴ്ച്ചയായി പടക്കത്തിന്റെ ശബ്ദം ഉയരുമ്പോഴേക്കും കടുവയുടെ മുരൾച്ച കേൾക്കാം. ഇതിന് മുൻപ് ജേഷ്ഠന്റെ ആട് ഫാമിൽ നിന്ന് പുലി ആടിനെ പിടിച്ചിട്ടുണ്ട്. ജീവനോടെ തിരിച്ചുകിട്ടിയെങ്കിലും രണ്ടു മൂന്ന് ദിവസത്തിനുള്ളിൽ ചത്തുപോയി. 17 ാംതിയതി പന്ത്രണ്ട് എണ്ണത്തോളം വരുന്ന ചെന്നായ്ക്കൂട്ടത്തെയും ഉരുപ്പുംകുറ്റി ഭാഗത്ത് നാട്ടുകാർ കണ്ടിരുന്നു. ജെയ്സൺ ജോസഫ് പറഞ്ഞു.

## ചിരിയും കളിയും ഉണർന്നു

### അങ്ങാടിക്കടവ് അങ്കണവാടി തുറന്നു



അങ്കണവാടിയിലെ കുരുന്നുകൾ സിന്ധുടീച്ചറുമൊത്ത്

**ഐസയ ന്യൂമെ**

കൊറോണയെ തുടർന്ന് രണ്ട് വർഷമായി അടച്ചിട്ടിരുന്ന അങ്ങാടിക്കടവ് അങ്കണവാടിയിൽ ഓഫ്‌ലൈൻ ക്ലാസുകൾ ആരംഭിച്ചു. കോവിഡ് മുൻകരുതൽ പ്രകാരം ഫെബ്രുവരി 28 വരെ ഉച്ചയ്ക്ക് 12:30 ന് ക്ലാസുകൾ അവസാനിക്കും. സാധാരണയായി ക്ലാസുകൾ രാവിലെ 9:30 ന് ആരംഭിച്ച് ഉച്ചകഴിഞ്ഞ് 3:30 നാണ് അവസാനിക്കുന്നത്.

'രണ്ട് വർഷത്തിന് ശേഷം കുട്ടികൾ അങ്കണവാടിയിൽ വരുന്നതിൽ സന്തോഷമുണ്ട്. പഠിക്കാതെ ഏറെക്കാലം വീട്ടിലിരുന്നതിനാൽ അച്ചടക്കത്തിലും പഠനത്തിലും അവർ പിന്നോട്ട് പോയിട്ടുണ്ട്. മഹാമാരിക്ക് മുമ്പ്, ഞങ്ങൾ 3 വയസ്സ് മുതലുള്ള കുട്ടികളെയാണ് പ്രവേശിപ്പിച്ചിരുന്നത്. ഇപ്പോൾ 4 മുതൽ 5 വയസ്സ് വരെ പ്രായമുള്ള കുട്ടികളെയും പ്രവേശിപ്പിക്കുന്നുണ്ട്. ഭക്ഷണം കഴിക്കാൻ ആദ്യം പഠിപ്പിക്കണം, അച്ചടക്കം പഠിപ്പിക്കണം, ശകാരിച്ച് ഒന്നും നേടാൻ നമുക്ക് കഴിയില്ല. സ്നേഹം കൊണ്ട് മാത്രമേ നമുക്ക് അവരുടെ പരിശീലനം സാധ്യമാകൂ. അതിന് സമയമെടുക്കും. കളികൾ, പാട്ടുകൾ, വായന തുടങ്ങിയ നിരവധി രീതികളിൽ ഞങ്ങൾ അവരെ പഠിപ്പിക്കുന്നു' അങ്കണവാടി അധ്യാപികയായ സിന്ധു കെ പറഞ്ഞു.

'കുട്ടികൾക്ക് വിദ്യാഭ്യാസവും ആരോഗ്യവും ഉറപ്പാക്കാൻ സർക്കാർ വളരെയധികം സഹായിക്കുന്നു. സ്കൂൾ നടത്തിപ്പിനും, തിരഞ്ഞെടുപ്പുവേളയിൽ സഹായം നൽകാനും, വാക്സിനേഷൻ ഡ്രൈവ് ചെയ്യാനും, അങ്കണവാടി പ്രോഗ്രാമിന് കീഴിലുള്ള മറ്റ് അനുബന്ധ പ്രോജക്ടുകളെ സഹായിക്കാനും ഞങ്ങൾ മുന്നിട്ടിറങ്ങാറുണ്ട്. എന്നാൽ ജോലിക്കനുസരിച്ച് വേതനം ലഭിക്കുന്നില്ല'. അങ്കണവാടിയിൽ സഹായിയായ എൽസി ടോമി പറഞ്ഞു.

അയ്യൻക്കുന്ന് പഞ്ചായത്തിൽ 2007-ൽ ആരംഭിച്ച അങ്കണവാടി അറുനൂറിലധികം കുട്ടികൾക്ക് പരിശീലനം നല്കിയ കളരിയാണ്. സൗജന്യ വിദ്യാഭ്യാസവും ഉച്ചഭക്ഷണവും, മലയാളം, ഇംഗ്ലീഷ്, കണക്ക് എന്നിവയിൽ അടിസ്ഥാന പരിശീലനവും നല്കുന്ന ഇവിടെ അമ്മമാരുടെ മീറ്റിംഗ്, കൗമാരക്കാർക്ക് (10-18 വയസ്സ്) അവരുടെ അഭിരുചിയും കഴിവും അനുസരിച്ച് വിവിധ മേഖലകളിൽ പരിശീലനം എന്നിവ നടത്തിവരുന്നു.

അങ്കണവാടി പ്രവർത്തനങ്ങളിൽ സിന്ധു ടീച്ചറിന് കൂട്ടായി എൽസി ടോമിയുടെ പിന്തുണയുണയുമുണ്ട്.

## കുടിവെള്ള പദ്ധതി ഉദ്ഘാടനം ചെയ്തു

**ലിഡിയ ജേക്കബ്**

അയ്യൻകുന്ന്: കേരള സർക്കാരിന്റെ ഭൂജലാധിഷ്ഠിത കുടിവെള്ള പദ്ധതിക്കു കീഴിലുള്ള ചക്കുംതൊടി-വെമ്പുഴ ചാൽ ഭൂജലാധിഷ്ഠിത കുടിവെള്ള പദ്ധതി പേരാവൂർ എം എൽ എ അഡ്വ: സണ്ണി ജോസഫ് ഉദ്ഘാടനം ചെയ്തു. ഗ്രാമീണ മേഖലകളിലേയും കോളനികളിലേയും കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനുവേണ്ടിയാണ് പദ്ധതി.

പഞ്ചായത്ത് ഫണ്ട് ഉപയോഗപ്പെടുത്തി ഭൂജല വകുപ്പ് ഡെപ്പോസിറ്റ് സ്കീമായി ചക്കുംതൊടിയിൽ ഒരു കുഴൽ കിണർ നിർമ്മിച്ചിരുന്നു. അതിൽ മണിക്കൂറിൽ 30,000 ലിറ്റർ ജല ലഭ്യതയുണ്ടെന്നു കണ്ടെത്തുകയും പദ്ധതി നടപ്പിലാക്കാൻ തീരുമാനിക്കുകയുമായിരുന്നു. ആവശ്യത്തിനു ജലലഭ്യതയുള്ള കുഴൽ കിണർ ഉപയോഗപ്പെടുത്തി 10 മുതൽ 50 വരെ കുടുംബങ്ങൾക്ക് ജലം ലഭ്യമാകുന്ന ചെറുകിട കുടിവെള്ള പദ്ധതിയാണിത്.

കരിക്കോട്ടക്കരി പത്താം വാർഡിലെ 20 വീടുകളിലേക്കാണ് കുഴൽ കിണറിൽ നിന്നും വെള്ളമെത്തുന്നത്. പമ്പ് ഹൗസ്, വാട്ടർ ടാങ്ക്, പ്ലാറ്റ് ഫോം, 20 ടാപ്പുകൾ എന്നിവയുൾപ്പെടെ 6.5 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിലാണ് ഭൂജല വകുപ്പ് പദ്ധതി നടപ്പിലാക്കിയത്.

'വേനൽക്കാലത്ത് ജലക്ഷാമം നേരിടാറുള്ള ഈ പ്രദേശത്തെ നാലാമത്തെ ചെറുകിട കുടിവെള്ള പദ്ധതിയാണിത്. ഗ്രാമീണ മേഖലകളിൽ ഇങ്ങനെയുള്ള ചെറുകിട പദ്ധതികളാണ് ഫലപ്രദം. കൂടുതൽ വേഗത്തിൽ പ്രദേശത്തെ ജലക്ഷാമം പരിഹരിക്കാൻ പദ്ധതികൾക്കാവുന്നുണ്ട്'. വാർഡ് മെമ്പർ ബീന റോജസ് പറഞ്ഞു.

## എഡിറ്റോറിയൽ

### യുവത്വം മടങ്ങട്ടെ ജീവിതമാകുന്ന ലഹരിയിലേക്ക്...

ആരോഗ്യമുള്ള ശരീരത്തിലെ ആരോഗ്യമുള്ള മനസ്സുണ്ടാകൂ. ആരോഗ്യമുള്ള മനസ്സിലെ സദ്ചിന്തകളുണ്ടാകൂ. സദ്ചിന്തകൾ നമ്മെ നല്ല പ്രവർത്തിയിലേക്ക് നയിക്കുന്നു. എന്നാൽ ലക്ഷ്യ ബോധമില്ലാതെ നിരാശയിലേക്ക് വഴുതി വീഴുന്ന യുവ ജീവിതങ്ങൾ ഇന്ന് സർവ്വ സാധാരണമാണ്. കേരളത്തിൽ കുറ്റകൃത്യങ്ങളുടെ തോത് വർധിച്ചു വരികയാണ്. ഇന്ന് നടക്കുന്ന പല കുറ്റകൃത്യങ്ങളും വിരൽ ചൂണ്ടുന്നത് യുവാക്കളിലേക്കും മയക്കുമരുന്നിന്റെ ഉപഭോഗത്തിലേക്കുമാണ്. പെട്ടികടകളിൽ പോലും ഇന്ന് അന്താരാഷ്ട്ര മയക്കുമരുന്നുകൾ സുലഭമാണ്. ലിംഗഭേദമന്യെ യുവാക്കൾക്കിടയിൽ വിവിധ തരത്തിലുള്ള മയക്കുമരുന്നുകൾ ട്രെൻഡായി മാറികഴിഞ്ഞു. മയക്കുമരുന്ന് മാഫിയകൾക്കിടയിൽ ഡീലർമാരായി പ്രവർത്തിക്കുന്ന സ്കൂൾ, കോളേജ് കുട്ടികളും ചെറുതല്ല.

2019-20ലെ ദേശീയ കുടുംബാരോഗ്യ സർവേ (NFHS-5) പ്രകാരം പുരുഷന്മാരിൽ 37% മുതൽ 19.9% വരെയും സ്ത്രീകളിൽ 1.6% മുതൽ 0.2% വരെയും മദ്യത്തിന്റെ ഉപഭോഗം കുറഞ്ഞു. പക്ഷെ മയക്കുമരുന്നിന്റെ ഉപഭോഗം ഇരട്ടിയായി വർധിച്ചതായാണ് കാണാൻ സാധിക്കുന്നത്. ഇത് കുട്ടികളുടെ ശാരീരികവും മാനസികവുമായ ആരോഗ്യത്തെ സാരമായി ബാധിക്കുന്നുണ്ട്. ശാസ്ത്രസാങ്കേതിക വിദ്യയിലൂടെ മാത്രം ലോകത്തെ കാണുന്ന പുതുതലമുറ ലക്ഷ്യബോധമില്ലാതെയാവുന്നതും ഡിപ്രഷനിലേക്കും മറ്റ് മാനസികാരോഗ്യപ്രശ്നങ്ങളിലേക്ക് പോകുന്നതും മയക്കുമരുന്നിൽ അഭയം പ്രാപിക്കുന്നതിന്റെ മറ്റൊരു കാരണമാണ്.

അതിനാൽ കുട്ടികളുടെ ശ്രദ്ധ മറ്റ് പല കാര്യങ്ങളിലേക്കും തിരിച്ചു വിടണം. കളികളങ്ങളും കലാ വേദികളും വീണ്ടും സജീവമാകേണ്ടതുണ്ട്. ആനപ്പന്തി ഓടിച്ചുകുന്നിൽ സ്വകാര്യ വ്യക്തിയുടെ സ്ഥലം നാട്ടുകാരും യുവാക്കളും ചേർന്ന് കളിസ്ഥലമാക്കി മാറ്റിയത് പ്രശംസനീയമായ കാര്യമാണ്. കലാ കായിക പ്രവർത്തനങ്ങളിൽ ഏർപ്പെടുക വഴി മാനസികവും ശാരീരികവുമായ ആരോഗ്യം വീണ്ടെടുക്കുവാനും യുവാക്കൾ കുറ്റകൃത്യങ്ങളിലേക്കും മയക്കുമരുന്നിലേക്കും പോകുന്നത് തടയുവാനും സാധിക്കും.

എഡിറ്റർ

# പവിയേട്ടൻ 'ദ മണി ബീ'

**നിതിൻ സി ജോസഫ്**



'ദ ബീ': സി കെ പവിത്രൻ

പൂവിൽ നിന്ന് തേൻ നുകർന്ന് കൂട്ടിൽ എത്തിക്കുന്നതാണ് തേനീച്ചയുടെ ജോലി. അതുപോലെ തന്റെ ജോലി ആത്മാർത്ഥയോടെ ചെയ്യുകയാണ് സി കെ പി എന്ന് നാട്ടുകാർ സ്നേഹത്തോടെ വിളിക്കുന്ന, ഫെഡറൽ ബാങ്ക് കളക്ഷൻ ഏജന്റ് സി കെ പവിത്രൻ. 1979 ൽ ആരംഭിച്ച തന്റെ ഉത്തരവാദിത്വം നിറഞ്ഞ ജോലി പ്രസന്നവദനായി ഇന്നും തുടരുകയാണ് പവിയേട്ടൻ. ഫെഡറൽ ബാങ്കിലെ ഡോർ ടു ഡോർ കളക്ഷൻ (DDC) ഏജന്റ് എന്ന രീതിയിൽ കഴിഞ്ഞ നാല്പത്തിനാല് വർഷത്തെ അനുഭവങ്ങൾ എണ്ണമറ്റവയാണ്. തന്റെ 65 ാം വയസിലും ഇത്രയും കാലം അന്നം നല്കിയ ജോലി സന്തോഷത്തോടെ ചെയ്യുന്നു പവിയേട്ടൻ.

'ആദ്യകാലം വിഷമകരമായിരുന്നു. യാത്രക്ക് ബസുകൾ ഉണ്ടായിരുന്നില്ല. സൈക്കിളിലും കാൽനടയായുമായിരുന്നു യാത്ര. വള്ളിത്തോട്, കുന്നേരി, എടൂർ എന്നീ സ്ഥലങ്ങളിലാണ് ജോലിയുടെ ആരംഭത്തിൽ കളക്ഷൻ നടത്തിയിരുന്നത്. ആരോഗ്യകാരണങ്ങൾക്കൊണ്ട് ഇപ്പോൾ വള്ളിത്തോട് മുതൽ ഇരിട്ടി വരെയുള്ള കച്ചവട സ്ഥാപനങ്ങളിൽ നിന്നുമാത്രമേ കളക്ഷൻ എടുക്കുന്നുള്ളൂ'. പവിയേട്ടൻ പറയുന്നു.

വള്ളിത്തോട് ഫെഡറൽ ബാങ്കിലെ ഡെയ്ലി കളക്ഷൻ ഏജന്റായ സി കെ പവിത്രൻ പരേതനായ മാവിലോടൻ കുഞ്ഞിരാമന്റെയും ചാത്തോത്ത് നാണിയുടെയും പത്തു മക്കളിൽ നാലാമനാണ്.

ബാങ്കുകളിലെ ഡിപ്പോസിറ്റ് കളക്ഷൻ ഏജന്റുമാരുടെ എണ്ണം വർധിച്ചു കൊണ്ടിരിക്കുന്നെങ്കിലും ഫെഡറൽ ബാങ്കിനെ സംബന്ധിച്ച് ഇന്ത്യയിൽ ആകെ പതിനാറ് കളക്ഷൻ ഏജന്റുമാരും, കേരളത്തിൽ രണ്ടു പേരുമാണ് ഉള്ളത്. അതിലൊരാളാണ് സി കെ പി.

പുതിയ കാര്യങ്ങൾ പഠിക്കാൻ ആവേശം കാണിക്കുന്ന പവിയേട്ടൻ തന്റെ ജോലിക്കിടയിലും സമയം കണ്ടെത്തി ഹിന്ദി ടീച്ചിംഗ് ഡിപ്ലോമ പാസായി. പെരിങ്ങം ഹൈസ്കൂൾ, പയ്യാവൂർ യുപി സ്കൂൾ എന്നിവിടങ്ങളിൽ ഒരു വർഷത്തോളം അധ്യാപകനായി സേവനം ചെയ്തു. പിന്നീട് കിളിയന്തറ സ്കൂളിൽ നിന്നും വിരമിച്ച എം എ ജോസഫ് സർ വള്ളിത്തോട് തുടങ്ങിയ ടാഗോർ കോളേജിൽ പതിമൂന്ന് വർഷം ഹിന്ദി അദ്ധ്യാപകനായി പ്രവർത്തിച്ചു. ശിഷ്യരിൽ പലരും ഇപ്പോൾ വിദേശത്തും സ്വദേശത്തുമായി വലിയ സ്ഥാനങ്ങൾ വഹിക്കുന്നത് കാണുമ്പോൾ പവിയേട്ടന്റെ മനസിൽ സന്തോഷം നിറയുന്നു.

'പവിക്കും പഠിച്ചുകൂടെ?' ഗുരുഭൂതനായ മോഹനൻ മാഷിന്റെ ചോദ്യമാണ് ടൈപ്പിങ്ങും ഹിന്ദിയും പഠിക്കാൻ പവിത്രന് പ്രചോദനമായത്. ജീവിതത്തിൽ എന്തുകാര്യമാണെങ്കിലും പരിശ്രമിച്ചാൽ നടക്കാത്തതായി ഒന്നുമില്ല'. ഇതാണ് പവിയേട്ടൻ പുതിയ തലമുറക്ക് നല്കുന്ന സന്ദേശം.

'സാമ്പത്തിക ഇടപാടുകളിൽ പലസ്ഥാപനങ്ങളിലും ക്രമക്കേടുകളും കൃത്രിമത്വങ്ങളും സാമ്പത്തിക തിരിമറികളും നടക്കുന്നതിനിടയിലും എല്ലാവർക്കും വിശ്വസിച്ച് പണം ഏല്പ്പിക്കാവുന്ന ആത്മാർത്ഥയുള്ള വ്യക്തിത്വമാണ് പവിയേട്ടൻ'. ഫെഡറൽ ബാങ്ക് മാനേജർ അനൂപ് കെ പറഞ്ഞു.

ഇരിട്ടി വനിത സഹകരണബാങ്ക് കളക്ഷൻ ഏജന്റ് വൽസലയാണ് ഭാര്യ. അശ്വിനി, അർജുൻ എന്നിവരാണ് മക്കൾ.

# അങ്ങാടിക്കടവിന്റെ പോളോ സ്റ്റാർ

**ജിഷ്ണ ബാലകൃഷ്ണൻ എം**



അങ്ങാടിക്കടവിന്റെ സ്റ്റാർ: അഭിലാഷ് സണ്ണി

അങ്ങാടിക്കടവ് : സൈക്കിൾ ഓടിച്ചു ഹോക്കി കളിച്ചാൽ എങ്ങനെയിരിക്കും? കേട്ട് ഞെട്ടണ്ട, ഇതുതന്നെയാണ് സൈക്കിൾ പോളോ. വലത് കൈകൊണ്ട് സൈക്കിൾ ബാലൻസ് ചെയ്യുകയും ഇടത് കൈകൊണ്ട് സ്റ്റിക്കും പന്തും ഒരേപോലെ നിയന്ത്രിക്കുകയും വേണം. കഠിനമായ പരിശ്രമം കൊണ്ട് മാത്രമേ സാധിക്കൂ എന്നു ചുരുക്കം. ചിട്ടയായ പരിശ്രമം ഒന്നു കൊണ്ട് സൈക്കിൾ പോളോയിൽ തിളങ്ങിയ ഒരു അങ്ങാടിക്കടവുകാരനുണ്ട്. നെരങ്ങുംപാറ നെല്ലിശ്ശേരി സണ്ണി ജിഷ ദമ്പതികളുടെ മൂത്തമകനും സേക്രട്ട് ഹാർട്ട് ഹൈസ്കൂൾ ഒമ്പതാം തരം വിദ്യാർത്ഥി, അഭിഷേക് സണ്ണി. അങ്ങാടിക്കടവിൽ നിന്ന് ആദ്യമായി കേരളത്തെ പ്രതിനിധീകരിച്ച് ദേശീയ തല സൈക്കിൾ പോളോ ചാമ്പ്യൻഷിപ്പിൽ പങ്കെടുത്ത മിന്നുംതാരം.

അങ്ങാടിക്കടവ് സോക്കർ 9 സ്പോർട്സ് ഫൗണ്ടേഷൻ നടത്തിയ ക്യാമ്പ് വഴിയാണ് അഭിഷേക് സൈക്കിൾ പോളോ എന്ന കായിക ഇനത്തെ പറ്റി അറിയുന്നത്. തുടർന്ന് ക്ലബിനു കീഴിൽ ചിട്ടയായ പരിശീലനം. എറണാകുളത്ത് വച്ചു ഫെബ്രുവരി അഞ്ചിനു നടന്ന കേരള ടീം സെലക്ഷനിൽ ക്ലബ്ബിൽ നിന്നും അഞ്ചുപേർ പങ്കെടുത്തെങ്കിലും അഭിഷേകിന് മാത്രമാണ് സെലക്ഷൻ ലഭിച്ചത്. തുടർന്ന് ദശദിന പരിശീലന ക്യാമ്പിനു ശേഷം മൈസൂരിൽ വച്ചു നടന്ന ദേശീയ ചാമ്പ്യൻഷിപ്പിൽ ക്വാർട്ടർ ഫൈനൽ വരെ കളിച്ചു.

'ദേശീയതല മത്സരം പുതിയ ഒരനുഭവമായിരുന്നു. വീട്ടിൽ നിന്നും രണ്ടാഴ്ച്ചയോളം മാറി നിന്നു, അറിയാത്ത ഭാഷ, സ്ഥലം ഒക്കെ പേടിയായിരുന്നെങ്കിലും സൈക്കിൾപോളോ ടീമിൽ കളിക്കുവാൻ സാധിച്ചത് ഭാഗ്യമാണ്'. അഭിഷേക് സണ്ണി പറഞ്ഞു.

'നാഷണൽ ലെവലിൽ അവസരം ലഭിച്ചതിൽ അതിയായ സന്തോഷമുണ്ട്. മൂന്ന് വർഷങ്ങൾക്ക് ശേഷമാണ് കണ്ണൂർ ജില്ലയിൽ നിന്നും ഒരു താരം ദേശീയതലത്തിൽ മത്സരിക്കുന്നത്. മൈസൂരിൽ വച്ചു നടന്ന ചാമ്പ്യൻഷിപ്പിൽ മഹാരാഷ്ട്രക്കെതിരായി നടന്ന ക്വാർട്ടർ ഫൈനൽ വരെ പൊരുതിയാണ് അഭിഷേക് മടങ്ങിയെത്തിയത്. ഈ ചെറു പ്രായത്തിൽ തന്നെ വലിയ ഒരു നേട്ടമാണ് കരസ്ഥമാക്കിയത്'. കോച്ച് ഷൈജു സെബാസ്റ്റ്യൻ പറഞ്ഞു. ദേശീയ, സംസ്ഥാന തലങ്ങളിൽ മികച്ച പ്രകടനം കാഴ്ച്ചവെച്ച താരങ്ങളെയും പരിശീലകരെയും അങ്ങാടിക്കടവ് സേക്രട്ട് ഹാർട്ട് യു പി സ്കൂളിൽ നടന്ന ചടങ്ങിൽ ആദരിച്ചു.

# കളിസ്ഥലമൊരുക്കി യുവക്കൂട്ടായ്മ

**ഹർഷ കെ വി**

മണിക്കൂറിന് വൻതുക ഈടാക്കി പ്രവർത്തിക്കുന്ന ടർഫ് പോലെയുള്ള കളിസ്ഥലങ്ങൾ നാട്ടിൽ സജീവമാകുമ്പോൾ ഗ്രാമീണ നന്മകളുടെ ശേഷിപ്പായി ഒരു കളിസ്ഥലം. ആനപ്പന്തി ഓടിച്ചുകുന്നിൽ നാട്ടുകാരും ഒരു സംഘം യുവാക്കളും ചേർന്നാണ് കളിസ്ഥലം ഒരുക്കിയത്.

കുട്ടികൾക്ക് കളിക്കാൻ ആവശ്യ മായ ഗ്രൗണ്ട് ഇല്ലാതിരുന്ന സാഹചര്യത്തിൽ പ്രദേശവാസി, സിനു പറമ്പിൽ സൗജന്യമായി നൽകിയ സ്ഥലത്ത് യുവാക്കളും നാട്ടുകാരും ചേർന്നാണ് ഇത്തരമൊരു ആശയത്തിന് തുടക്കം കുറിച്ചത്. പത്ത് വയസ്സുള്ള കുട്ടികൾ മുതൽ റിട്ടയേർഡ് മിലിറ്ററി ഉദ്യോഗസ്ഥർ ഉൾപ്പെടെ ഇരുപതിലേറെ ആളുകൾ എന്നും വൈകിട്ട് ഏഴ് മണി മുതൽ വോളിബോൾ കളിക്കാൻ ഇവിടെ എത്തിച്ചേരുന്നു.

സമീപവാസികളായ പതിനാല് ചെറുപ്പക്കാർ ഉൾപ്പെട്ട സംഘാടക സമിതിയുടെ നേതൃത്വത്തിൽ പ്രദേശവാസികളിൽ നിന്നും ചെറിയ തുക പിരിച്ചാണ് ഗ്രൗണ്ടിന്റെ പ്രവർത്തനങ്ങൾക്ക് ആവശ്യമായ സൗകര്യങ്ങൾ ഒരുക്കിയത്. യുവാക്കളിൽ കാര്യക്ഷമത വർധിപ്പിക്കാനും ലഹരിമരുന്നുകൾക്ക് അടിമപ്പെടാതിരിക്കാനും മൊബൈൽ ആസക്തി കുറക്കാനുമാണ് ഇത്തരമൊരു കളിസ്ഥലം ഒരുക്കിയത്.

'വൈകുന്നേരങ്ങളിൽ എല്ലാവർക്കും കൂടി ചേർന്ന് കളിക്കാനും ഒത്തൊരുമ വർദ്ധിപ്പിക്കാനും ആണ് ഇത്തരമൊരു ഗ്രൗണ്ട് രൂപീകരിച്ചത്. നാട്ടുകാരുടെ സഹകരണത്തോടുകൂടി ഗ്രൗണ്ടിന്റെ പ്രവർത്തനങ്ങൾ വിപുലീകരിക്കാനുമാണ് ആഗ്രഹിക്കുന്നത്. ഒരു ക്ലബ്ബ് രൂപീകരിച്ച് ടൂർണമെന്റ് നടത്താനും ഗ്രൗണ്ടിൽ കൂടുതൽ സൗകര്യങ്ങൾ ഒരുക്കാനും ആഗ്രഹിക്കുന്നു. ഗ്രൗണ്ടിന്റെ പുരോഗമനത്തിന് വേണ്ടി എല്ലാ പ്രതിസന്ധി ഘട്ടങ്ങളും തരണം ചെയ്യാൻ തയ്യാറാണ്'. ഗ്രൗണ്ട് സംഘാടക സമിതി പ്രസിഡന്റ് വൈശാഖ് ടി എസ് പറഞ്ഞു.

'എന്റെ ചെറുപ്രായത്തിൽ കളിക്കാൻ വേണ്ടി സമീപത്തൊക്കെ ധാരാളം കളിസ്ഥലങ്ങൾ ഉണ്ടായിരുന്നു എന്നാൽ ഇന്ന് അതില്ല. അതുകൊണ്ടാണ് ഇത്തരം ഒരു കളി സ്ഥലം ഒരുക്കുമ്പോൾ അതിനു പൂർണ്ണ പിന്തുണ നൽകുന്നത്'. കളിസ്ഥലത്തിനാവശ്യമായ ലൈറ്റുകൾ സൗജന്യമായി നൽകിയ ഡൊമിനിക് ജോസഫ് കുഴിപ്പള്ളി പറഞ്ഞു.

'യുവതലമുറക്ക് കാര്യക്ഷമത വർദ്ധിപ്പിക്കാൻ ഗ്രൗണ്ടുകൾ അത്യാവശ്യമാണ്. ഇവിടെ വന്ന് കളിക്കാൻ തുടങ്ങിയശേഷം ശാരീരികമായും മാനസികമായും നല്ല മാറ്റങ്ങൾ ഉണ്ടായിട്ടുണ്ട്. പണി കഴിഞ്ഞു വന്ന ശേഷം വൈകുന്നേരങ്ങളിൽ ഇവിടെ വന്നു കളിക്കുന്നത് പതിവാണ്'. കളിക്കാൻ എത്തുന്ന ഷെഫീക്ക് ഇക്ബാൽ, ബിബിൻ പെരുമാൾ എന്നിവർ പറഞ്ഞു.




LAP CARE
IT SOLUTIONS
Near Don Bosco College, Angadikadavu
Computer Servicing, Photostat, Online Registrations, Printing, Book Binding, Stationary Items, Fancy, Books & Pen, Gift Items, Files etc.
9745610955 9539109376


For private circulation only

എഡിറ്റോറിയൽ ടീം – ചീഫ് എഡിറ്റർ ആൻഡ് പബ്ലിഷർ: ഫാ. ഡോ. ബാസ്റ്റിൻ നെല്ലിശ്ശേരി | സ്റ്റാഫ് എഡിറ്റേഴ്സ്: അനിൽ തോമസ് നല്ലൂർ, സോണറ്റ് മാത്യു. | എഡിറ്റർ ഇൻ ചാർജ്: റിയ റോയി, സബ് എഡിറ്റേഴ്സ്: ലിഡിയ ജേക്കബ്, അനുഗ്രഹ ആൻ ജോർജ്, ആഷ്മി തോമസ്, നിതിൻ സി ജോസഫ്, ഐസയ ന്യൂമെ, ഹർഷ കെ വി, ജിഷ്ണ ബാലകൃഷ്ണൻ എം | ഫോട്ടോഗ്രഫേഴ്സ്: ഐസയ ന്യൂമെ | ഡിസൈൻ: അനുഗ്രഹ ആൻ ജോർജ്